(ബി) ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കാത്തതായി എത്ര മുനിസിപ്പാലിറ്റികളുണ്ട്? എത്ര പഞ്ചായത്തുകളുണ്ട്? ഏതെല്ലാം;

(സി) ഇവയിലേക്ക് തെരഞ്ഞെടുപ്പ് എന്നുനടത്താനാണ് ഉദ്ദേശം?

ഉത്തരം

(എ) ഉദ്ദേശം 62 ലക്ഷം രൂപ. കൃത്യമായ കണക്കുകൾ ശേഖരിച്ചു വരുന്നു.

(ബി) 10 മുനിസിപ്പാലിറ്റികളും 88 പഞ്ചായത്തുകളും. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ വർഷം തന്നെ നടത്താനാണുദ്ദേശിക്കുന്നത്.

ആഗ്മെന്റേഷൻ സ്കീം

80 [119] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആഗ്മെന്റേഷൻ സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു;

(ബി) എത്രയും പെട്ടെന്ന് പ്രസ്തുത സ്കീം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ആഗ്മെന്റേഷൻ സ്കീമിന്റെ പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്. അരുവിക്കരയിൽ ഒരു ജലശുദ്ധീകരണപ്ലാന്റും പമ്പിംഗ് സ്റ്റേഷനും നിർമ്മിച്ചു. അതിൽനിന്നും ശുദ്ധീകരിച്ച ജലം 48" വ്യാസമുള്ള പൈപ്പുലൈനിൽക്കൂടി തിരുവനന്തപുരത്ത് എത്തുന്നുണ്ട്. ഒബ്സർവേറ്ററി കുന്ന്, പേരൂർക്കട, തിരുമല എന്നിവിടങ്ങളിൽ ഉയർന്ന പ്രദേശങ്ങൾക്കുവേണ്ടിയുള്ള വാട്ടർ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. 1991-ൽ പ്രതീക്ഷിക്കുന്ന ജനസംഖ്യക്ക് അനുയോജ്യമായി ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. സെൻട്രൽ സോണും പേരൂർക്കട സോണും കമ്മീഷൻ ചെയ്തുകഴിഞ്ഞു. തിരുമല ഭാഗത്തെ പണി പൂർത്തിയാക്കുന്നതിനു മരുതൻകുഴിയിൽ മുന്നൂറുമീറ്റർ പൈപ്പിടുന്നതിനുവേണ്ടിയുള്ള ഒരു പാലം നിർമ്മിക്കുന്നതിനുള്ള പണിയുടെ ടെണ്ടർ ചീഫ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുന്നു. താണ പ്രദേശങ്ങളിൽ ജലവിതരണത്തിനുള്ള പ്രധാന കുഴൽ ഇടുന്ന പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഒരു കൊല്ലത്തിനകം പണികൾ പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരസമയം കഴിഞ്ഞു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly